ഉത്തരം

(എ) തരംഗനിസരി സ്ക്കൂൾ ഓഫ് മ്യൂസീക്കിനോടനു ബന്ധിച്ച് ഒരു മോഡൽ റസിഡൻഷ്യൽ സ്ക്കൂൾകോംപ്ലെക്സ് തുടങ്ങുന്നതിലേക്ക് സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി, സി.) ഇതിൻമേൽ തിരുവനന്തപുരം ജില്ലാകളക്ടറുടെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കവിതിലകൻ കെ. പി. കറുപ്പന് സ്മാരകം നിർമ്മിക്കാൻവേണ്ട ഭൂമി

232 [252] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിതിലകൻ പണ്ഡിറ്റ് കെ. പി. കറുപ്പന് എറണാകുളത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിനു ഭൂമി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭൂമി നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഭൂമി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ജില്ലാകളക്ടറിൽ നിന്നും റിപ്പോർട്ട് വരുത്തി പരിശോധിച്ചതിനുശേഷമേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ നിർവാഹമുള്ളൂ.

കനാൽ പുറമ്പോക്കു താമസക്കാർക്ക് പട്ടയം

233 [253] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കനാൽ പുറമ്പോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

കനാൽ പുറമ്പോക്കുസ്ഥലങ്ങളിൽതാമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് പ്രത്യേകമായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള ഭൂമി പതിവ് ചട്ടമനുസരിച്ച് പ്രസ്തുത താമസക്കാർക്ക് അവരുടെ കൈവശഭൂമി പതിച്ച് പട്ടയം ലഭിക്കുന്നതിന് ബന്ധപ്പെട്ട ഭൂമി പതിവ് ഉദ്യോഗസ്ഥൻമാർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പട്ടയം പാസ്ബുക്ക്

234 [254] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിലെ ഏതെങ്കിലും വില്ലേജുകളിൽ സർവ്വെ പൂർത്തിയാക്കി ''പട്ടയം പാസ് ബുക്ക്'' വിതരണം ചെയ്യാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly